# നോട്ടീസ്

# കാപ്പുകുത്തക ലേലപരസ്യം

## കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്നും എല്ലാവരുടേയും അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ:-

1. കൊച്ചി താലൂക്ക് കുഴുപ്പുള്ളി വില്ലേജിൽ അയ്യമ്പിള്ളി പാടത്തുള്ള ദേവസ്വം പുറമ്പോക്കു തോടുകളായ തേവർതോട്, കൊക്കനാടുതോട്, ബംബ്ലായിതോട് എന്നീ 3 തോടുകളുടേയും അവകാശം ബഹു: സുപ്രീംകോടതിയുടെ സി.എ. നമ്പ്ര് 2312/77ൽ 17-1-95ൽ ഉണ്ടായ ഉത്തരവു പ്രകാരം കൊച്ചിൻ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കയാൽ മേൽപറഞ്ഞ തോടുകളിൽ നിന്ന് **17-11-2019 മുതൽ 14-4-2020ൽ** കൂടിയുള്ള കാലയളവിൽ മത്സ്യം പിടിക്കുവാനുള്ള അവകാശം **2019 നവംബർ 04-ാം തിയ്യതി പകൽ 11 മണിക്ക്** അയ്യമ്പിള്ളി ദേവസ്വത്തിൽ വെച്ച് പരസ്യമായി ലേലം/ടെണ്ടർ ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് ലേലത്തിൽ/ടെണ്ടറിൽ പങ്കുകൊള്ളുവാനാഗ്രഹിക്കുന്നവർ മേൽപറഞ്ഞ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതാണ്. സീൽ ചെയ്ത ടെണ്ടർ ലേലത്തിന് അര മണിക്കൂർ മുമ്പ് ദേവസ്വം കമ്മീഷണറേയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനേയോ ഏൽപ്പിക്കേണ്ടതാണ്. ലേലത്തിന് ശേഷം ടെണ്ടർ തുറന്ന് തുക പരസ്യപ്പെടുത്തുന്നതാണ്. ലേലസംഖ്യയൊ ടെണ്ടർ സംഖ്യയൊ ഏതാണ് കൂടുതലെങ്കിൽ ആയത് അംഗീകരിക്കുന്നതായിരിക്കും.

2. ലേലത്തിൽ പങ്കുകൊള്ളുവാനാഗ്രഹിക്കുന്നവർ ഓരോരുത്തരും 5,000 ക. (അയ്യായിരം ഉറുപ്പിക) അഡ്വാൻസ് കെട്ടിവെക്കേണ്ടതും, ടെണ്ടർ വെക്കുന്നവർ 5,000 ക. യുടെ ഡി.ഡി. ദേവസ്വം കമ്മീഷണറുടെ പേരിൽ എടുത്ത് ടെണ്ടറിനോടൊപ്പം വെക്കേണ്ടതുമാകുന്നു. അഡ്വാൻസ് സംഖ്യ ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടേതൊഴികെ മറ്റെല്ലാവർക്കും ലേലം കഴിഞ്ഞ ഉടനെ അഡ്വാൻസ് മടക്കിക്കൊടുക്കുന്നതുമാകുന്നു. ലേലം ഉറപ്പിച്ചുകിട്ടുന്ന ആൾക്ക് മേൽപടി സംഖ്യ കാപ്പുകുത്തക അവകാശം അവസാനിക്കുമ്പോൾ മാത്രം ടിയാന് ബാദ്ധ്യതയുണ്ടെങ്കിൽ ആയത് തട്ടിക്കിഴിച്ച് ബാക്കി സംഖ്യ മടക്കിക്കൊടുക്കുന്നതാണ്.

3. ലേലം ദേവസ്വത്തിൽ നിശ്ചയിക്കുന്ന മതിപ്പുവിലയിൽ നിന്നും തുടങ്ങുന്നതും അതിനുമേൽ ഏറ്റവും കൂടുതൽ സംഖ്യക്ക് വിളിക്കുന്ന ആളുടെ പേരിൽ മേൽവിവരിച്ച അവകാശവും ബാദ്ധ്യതയും ദേവസ്വം കമ്മീഷണറുടെ യുക്താനുസരണം മൂന്ന് വാക്ക് വിളിച്ചവസാനിപ്പിക്കുന്നതുമാകുന്നു. അപ്രകാരം കൂടുതൽ സംഖ്യക്ക് ലേലം കൊണ്ട ആൾ ലേലസംഖ്യയിൽ നാലിലൊന്നു സംഖ്യ അപ്പോൾതന്നെ കെട്ടിവെച്ച് രശീതി വാങ്ങിക്കേണ്ടതും ബാക്കി ലേലസംഖ്യ കൊച്ചിൻ ദേവസ്വം ബോർഡിൽനിന്നു സ്ഥിരപ്പെടുത്തി കല്പനയാകുന്നതിനു വിധേയമായി 14-11-2019 നു മുമ്പായി അയ്യമ്പിള്ളി ദേവസ്വം ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതും, ബോർഡിൽ നിന്നു നിശ്ചയിക്കുന്ന ലേലനിബന്ധനകളും മറ്റും ഉൾക്കൊള്ളിച്ച് കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേർക്ക് മുദ്രക്കടലാസിൽ കച്ചീട്ട് എഴുതി ഒപ്പിട്ട് തരേണ്ടതുമാകുന്നു.

4. മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ദേവസ്വം വക മുൻ വിവരിച്ച തോടുകളിലെ കഴുവകളിൽ മാത്രം ആയിരിക്കുന്നതും മത്സ്യം പിടിക്കുന്നതിന് ബോർഡിന്റെ അനുവാദത്തോടുകൂടിയല്ലാതെ കൂടുതൽ തൂമ്പുകൾ വെയ്പാൻ പാടില്ലാത്തതുമാകുന്നു.

5. കരാറുപ്രകാരമുള്ള അവകാശവും ബാദ്ധ്യതയും യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാനൊ കീഴ്ക്കരാറ് കൊടുപ്പാനൊ പാടില്ലാത്തതുമാകുന്നു. ഇക്കാര്യത്തിൽ ബഹു: കേരള ഹൈക്കോടതിയുടെ സി.എം.പി. നമ്പ്ര് 4144/97ൽ 1-12-1997ൽ ഉണ്ടായ ഉത്തരവ് കർശനമായി പാലിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാകുന്നു.

6. നിലങ്ങളിലുണ്ടാകുന്ന കന്നിക്കൊയ്ത്തിനോടനുബന്ധിച്ച് ഗതാഗതത്തിന് തടസ്സമുണ്ടാകാത്ത വിധത്തിൽ വേണ്ട ക്രമീകരണങ്ങൾ ലേലക്കാരൻ ചെയ്യേണ്ടതാകുന്നു.

7. കാപ്പുകുത്തക അവകാശം അവസാനിക്കുമ്പോൾ കാപ്പുകുത്തക ആവശ്യത്തിനുവേണ്ടി ഇടവരമ്പുകളൊ തോടുകളിലെ ചാലുകളൊ എവിടെയെങ്കിലും പൊട്ടിക്കുന്നതായാൽ ആയവ പൂർവ്വസ്ഥിതിയിൽ തന്നെ ബലത്തിലും വലിപ്പത്തിലും ലേലക്കാരന്റെ ചുമതലയിൽ ഉണ്ടാക്കേണ്ടതാണ്.

8. ഫിഷറീസ് ആക്ടിലേയും റൂളുകളിലേയും വ്യവസ്ഥകളും മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി ബഹു: ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ലേലക്കാരൻ പാലിക്കേണ്ടതും അവയുടെ ലംഘനമുണ്ടായാൽ അതിൽവെച്ചുണ്ടാകുന്ന ബാദ്ധ്യതകൾക്ക് ലേലക്കാരൻ മാത്രം ഉത്തരവാദിയാകുന്നതുമാകുന്നു.

9. ലേലക്കാരൻ ലേലനിശ്ചയങ്ങൾക്ക് വിപരീതമായി വല്ല വീഴ്ചകളും വരുത്തിയാൽ ടിയാന്റെ കരാർ ദുർബ്ബലപ്പെടുത്തുന്നതും അതിൽവെച്ചുണ്ടാകുന്ന സകല നഷ്ടങ്ങൾക്കും ടിയാനും ടിയാന്റെ സ്വത്തുക്കളും ടിയാന്റെ അഡ്വാൻസ് സംഖ്യയും ഉത്തരവാദപ്പെടുന്നതുമാകുന്നു.

10. ലേലം യാതൊരു കാരണവും പറയാതെ നിർത്തിവെക്കുന്നതിനൊ നീട്ടിവെക്കുന്നതിനൊ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

11. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ദേവസ്വം ബോർഡ് ഓഫീസ്, തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്, അയ്യമ്പിള്ളി ദേവസ്വം ഓഫീസ് എന്നിവിടങ്ങളിൽ നിന്നും www.cochindevaswomboard.org എന്ന വെബ്സൈറ്റിലും അറിയാവുന്നതാണ്.

(ഒപ്പ്)
**സ്പെഷ്യൽ ദേവസ്വം കമ്മീഷണർക്കുവേണ്ടി**
**ഡെപ്യൂട്ടി കമ്മീഷണർ**
കൊച്ചിൻ ദേവസ്വം ബോർഡ്.

സ്പെഷ്യൽ ദേവസ്വം കമ്മീഷണർ ഓഫീസ്,
തൃശ്ശൂർ.
24-10-2019.